വാല്യം: 5 ലക്കം: 1
മാർച്ച് 2016

MALABAR CANCER CENTRE
THALASSERY

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



**മലബാർ കാൻസർ സെന്റർ**
തലശ്ശേരി, കണ്ണൂർ

# മുന്നുര



മറ്റൊരു പുതുവർഷം കൂടി. എല്ലാവർക്കും നന്മയുടേയും ഐശ്വര്യത്തിന്റേയും വർഷമാവട്ടെ ഇത് എന്ന് ആശംസിക്കുന്നു. കാൻസർ ചികിത്സാ രംഗത്തും ഗവേഷണ മേഖലയിലും നൂതന കാൽവയ്പുകൾ ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കാം.

അന്താരാഷ്ട്ര കാൻസർ നിയന്ത്രണ യൂണിയന്റെ സംരംഭമായ വേൾഡ് കാൻസർ ഡേയുടെ 2016 ലെ വിഷയം 'we can I can' (നമുക്ക് സാധിക്കും. എനിക്കും സാധിക്കും എന്നതാണ്. കാൻസർ വ്യക്തി ജീവിതത്തിലും, കുടുംബത്തിലും, സമൂഹത്തിലും ഏൽപ്പിക്കുന്ന ആഘാതം കുറക്കാൻ ഓരോ വ്യക്തിക്കും ഒറ്റയ്ക്കും കൂട്ടായും പലതും ചെയ്യുവാൻ കഴിയും എന്ന സന്ദേശം ലോകത്തിന് നൽകുകയാണ് ഇതിന്റെ ഉദ്ദേശം. മലബാർ കാൻസർ സെന്റർ കുറച്ചധികം കാലമായി ചെയ്തുവരുന്നതും ഇത് തന്നെയാണ്. വ്യക്തികളിൽ കാൻസർ അവബോധം വളർത്തുക എന്നത് ഒരു റിസർച്ച് സെന്റർ എന്ന നിലയിൽ മലബാർ കാൻസർ സെന്റർ അതിന്റെ കടമയായി തന്നെ കാണുന്നു. വ്യാജ ചികിത്സകരിൽ നിന്നും രോഗികളെ രക്ഷിക്കുവാൻ എം.സി.സി എന്നും പ്രതിജ്ഞാബദ്ധരാണ്. മുൻ വർഷങ്ങളിൽ നടത്തിവന്നിരുന്ന ജനകീയ അവബോധ ക്ലാസ്സുകൾ തുടരുന്നതിനോടൊപ്പം തന്നെ വേൾഡ് കാൻസർ ഡേ യുടെ 'we can I can' എന്ന വിഷയത്തിൽ ഊന്നിയും ഈ വർഷം മുതൽ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്.

ലോക അർബുദ ബോധവൽക്കരണ ദിനമായ ഫെബ്രുവരി 4 ന് കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ആറളം ഫാമിലെ അന്തേവാസികൾക്കിടയിൽ അർബുദ ബോധവത്ക്കരണ ക്യാമ്പും വദനാർബുദ, സ്തനാർബുദ നിർണ്ണയ പരിശോധനയും നടത്തി. ആറളം ഫാമിലെ അന്തേവാസികൾക്കിടയിൽ പുകയില ഉപയോഗം വളരെ കൂടുതലാണെന്ന അറിവിൽ നിന്നാണ് അവിടെ അങ്ങനെ ഒരു ക്യാമ്പ് നടത്താൻ എം.സി.സി തീരുമാനിച്ചത്.

പുതുവത്സരത്തിന്റെ തുടക്കത്തിൽ തന്നെ പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമായ ഒരു പദ്ധതി കൂടി നടപ്പിൽ വരുത്തുവാൻ എം.സി.സി.ക്കായി എന്നത് ചാരിതാർഥ്യം നൽകുന്നു. ഡിജിറ്റൽ ഇന്ത്യ സംരംഭത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റത്തെക്കുറിച്ചാണ് പറഞ്ഞു വരുന്നത്. ലോക അർബുദ ദിനത്തിൽ (4/2/2016)എം.സി.സിയിൽ നടന്ന ചടങ്ങിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) സ്റ്റേറ്റ് ഓഫീസർ ശ്രീ. മോഹൻദാസ് ഉദ്ഘാടനം നിർവ്വഹിച്ചു. മലബാർ കാൻസർ സെന്ററിൽ പുതുതായി വരുന്ന രോഗികൾക്ക് മുൻകൂട്ടി ബുക്ക് ചെയ്യുവാനുള്ള സൗകര്യമാണ് ഇപ്പോൾ ഒരുക്കിയിരിക്കുന്നത്. ഭാവിയിൽ എല്ലാ രോഗികൾക്കും ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം ഉപയോഗിച്ച് ഒ.പി. ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കും.

മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തന മികവിന് അംഗീകാരത്തിന്റെ മറ്റൊരു പൊൻതൂവൽ കൂടി കിട്ടിയ വിവരം സന്തോഷപൂർവ്വം പങ്കുവെയ്ക്കുന്നു. ശുചിത്വ മിഷനും കണ്ണൂർ ജില്ലാ ഭരണകൂടവും ചേർന്ന് നടത്തിയ മത്സരത്തിൽ ജില്ലയിലെ ഏറ്റവും വൃത്തിയുള്ള ഓഫീസ് സ്ഥാപനമായി എം.സി.സി തിരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും വൃത്തിയുള്ള ഓഫീസിന് ലഭിക്കുന്ന ഗോൾഡൻ ക്രോ അവാർഡ് ബഹു:ഗ്രാമവികസന മന്ത്രി ശ്രീ. എം.കെ മുനീറിന്റെ കൈയിൽ നിന്നും ഏറ്റുവാങ്ങി.

ആരോഗ്യ മേഖലയിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാർ, നഴ്സുമാർ മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവർ ധാരാളം ഉണ്ടെങ്കിലും ആരോഗ്യ വിവര സാങ്കേതിക വിദ്യ, ക്ലിനിക്കൽ എഞ്ചിനിയറിംഗ്, ഹോസ്പിറ്റൽ മാനേജ്മെന്റ് തുടങ്ങി ഈ കാലഘട്ടം ആവശ്യപ്പെടുന്ന സാങ്കേതിക, മാനേജ്മെന്റ് വിദഗ്ദ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യവുമായി എം.സി.സി സി-ഡിറ്റുമായി ചേർന്ന് തുടങ്ങിയ മെഡിറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് പുറത്തിറങ്ങി. മാർച്ച് 23 ന് എം.സി.സി യിൽ വച്ച് നടന്ന ബിരുദാനന്തര ചടങ്ങിൽ വിദ്യാർത്ഥികൾ അവരുടെ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. ആരോഗ്യമേഖലയിൽ എം.സി.സി നടത്തിവരുന്ന നൂതന ഇടപെടലുകൾ സംസ്ഥാനത്തിന്റെ കാൻസർ പരിചരണ രംഗത്തും ആരോഗ്യമേഖലയിലും ഉണർവ്വേകും എന്ന കാര്യത്തിൽ തർക്കമില്ല.

എല്ലാതരത്തിലും ഒരു പുതുയുഗപ്പിറവിയുടെ നാന്ദിയാവട്ടെ ഈ പുതുവർഷം എന്ന് ആശംസിക്കുന്നു. എല്ലാവർക്കും നന്മയും ആയുരാരോഗ്യസൗഖ്യവും നേരുന്നു.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

# മലബാർ കാൻസർ സെന്ററിൽ ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം





ഡിജിറ്റൽ ഇന്ത്യ സംരംഭത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം മലബാർ കാൻസർ സെന്ററിൽ നടപ്പാക്കി. സംസ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിന്റെ ഭാഗമാകുന്ന ആദ്യ ചികിത്സാലയമാണ് മലബാർ കാൻസർ സെന്റർ. രാജ്യത്തെ വിവിധ ആശുപത്രികളെ സംയോജിപ്പിച്ചുകൊണ്ടുള്ള പേഷ്യന്റ് പോർട്ടൽ സംവിധാനമാണിത്.

ലോക അർബുദ ദിനത്തിൽ (4/2/16) മലബാർ കാൻസർ സെന്ററിൽ നടന്ന ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) സ്റ്റേറ്റ് ഓഫീസർ ശ്രീ.ടി.മോഹൻ ദാസ് സ്വിച്ച് ഓൺ കർമ്മം നടത്തി. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ അദ്ധ്യക്ഷനായ ചടങ്ങിൽ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ശ്രീ. ആൻഡ്രൂസ് വർഗ്ഗീസ്, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ഇ-ഹോസ്പിറ്റൽ ടീം ലീഡർ ശ്രീ. നീൽ കമൽ ഡേ പുർകായസ്ത, എൻ.ഐ.സി.എസ്.ഐ ജനറൽ മാനേജർ ശ്രീ. സന്തോഷ് വി.ടി, സിസ്റ്റം മാനേജർ ശ്രീ. രഞ്ജിത്.എം.കെ എന്നിവർ സന്നിഹിതരായിരുന്നു.

മലബാർ കാൻസർ സെന്ററിൽ പുതുതായി വരുന്ന രോഗികൾക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമാണ് ഇപ്പോൾ ഒരുക്കിയിരിക്കുന്നത്. ഭാവിയിൽ എല്ലാ രോഗികൾക്കും ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം ഉപയോഗിച്ച് ഒ.പി.ടിക്കറ്റ് ബുക്കു ചെയ്യുവാൻ സാധിക്കും.

## ഓൺലൈൻ രജിസ്ട്രേഷൻ എങ്ങനെ ?

ors.gov.in എന്ന വെബ് സൈറ്റിൽ നിന്ന് നേരിട്ടോ മലബാർ കാൻസർ സെന്റർ വെബ്സൈറ്റിൽ mcc.kerala.gov.in കൊടുത്തിരിക്കുന്ന ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് വഴിയോ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നവർക്ക് മൊബെൽ ഫോണിൽ സന്ദേശം ലഭിക്കും. സന്ദേശവുമായി രോഗി/രോഗിയുടെ കൂടെയുള്ളവർ രജിസ്ട്രേഷൻ കൗണ്ടറിൽ എത്തണം. അധികം കാത്തുനിൽക്കാതെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഡോക്ടറെ കാണാം.

**ചെയ്യേണ്ട വിധം**

**ആധാർ കാർഡ് ഉള്ള രോഗികൾ**

- ആധാർ നമ്പർ നൽകി വ്യക്തി വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുക.
- സംസ്ഥാനം, ഹോസ്പിറ്റൽ, ഡിപ്പാർട്ട്മെന്റ് എന്നിവ തിരഞ്ഞെടുക്കുക
- കാണേണ്ട ദിവസം ഏതെന്ന് നൽകുക, ഫീസ് അടക്കുക
- മൊബൈലിൽ എസ്.എം.എസ് ലഭിക്കും

**ആധാർകാർഡ് ഇല്ലാത്ത രോഗികൾ**

- മൊബൈൽ നമ്പർ നൽകി വ്യക്തി വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുക.
- പേര്, ജനന തീയ്യതി, അച്ഛന്റെ പേര്, വിലാസം തുടങ്ങിയവ രേഖപ്പെടുത്തുക
- സംസ്ഥാനം, ഹോസ്പിറ്റൽ, ഡിപ്പാർട്ട്മെന്റ് എന്നിവ തിരഞ്ഞെടുക്കുക
- കാണേണ്ട ദിവസം ഏതെന്ന് നൽകുക, ഫീസ് അടക്കുക.
- മൊബൈലിൽ എസ്.എം.എസ് ലഭിക്കും



നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ നൽകുക



ഹോസ്പിറ്റൽ തിരഞ്ഞെടുക്കുക




സന്ദർശന ദിവസം തിരഞ്ഞെടുക്കുക



എസ്.എം.എസ്

**രഞ്ജിത്ത് എം.കെ**
സിസ്റ്റം മാനേജർ



# ഇ-പാലിയേറ്റീവ്:
## സാന്ത്വനം വീട്ടിൽ എത്തുമ്പോൾ

സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഇന്ന് നേരിടുന്ന മിക്ക വെല്ലുവിളികളും പ്രയാസങ്ങളും ഇല്ലാതാക്കുവാനോ കുറച്ചുകൊണ്ടുവരുവാനോ ആരോഗ്യ വിവര സാങ്കേതികവിദ്യയുടെ സഹായം കൊണ്ട് സാധ്യമാകുന്നതാണ്. മലബാർ കാൻസർ സെന്ററിലെ ആരോഗ്യ വിവര സാങ്കേതിക വിദ്യാ വകുപ്പും സി-ഡിറ്റും ചേർന്ന് വികസിപ്പിച്ചെടുത്ത് നടപ്പിലാക്കിത്തുടങ്ങിയ ഇ- പാലിയേറ്റീവ് സംരംഭം ഇതിന് അടിവരയിടുന്നു.

സാന്ത്വന പരിചരണം ആവശ്യമായി വരുന്ന കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്നത് കണ്ടപ്പോഴാണ് എം.സി.സി ഇ-പാലിയേറ്റീവ് എന്ന ആശയത്തെ സ്വപ്നം കണ്ടുതുടങ്ങുന്നത്. ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ഏതാനും പാലിയേറ്റീവ് സെന്ററുകൾ വഴിയും മലബാർ കാൻസർ സെന്ററിലെ ഗൃഹ കേന്ദ്രീകൃത പരിചരണ വിഭാഗം വഴിയുമാണ് ഇത് നടപ്പാക്കി വരുന്നത്. കാൻസർ ബാധിച്ച് കിടപ്പിലായ രോഗികളെ ആശുപത്രിയിൽ എത്തിച്ചു ചികിത്സ നൽകുക എന്നത് പലപ്പോഴും രോഗികൾക്കും അവരോടൊപ്പം വരുന്നവർക്കും ദുരിതപൂർണ്ണമായ ഒരനുഭവമാണ്. ഈ കാരണത്താൽ തന്നെ പല രോഗികളും പാലിയേറ്റീവ് ചികിത്സ വേണ്ടെന്നുവച്ച് കഠിന വേദന സ്വയം ഏറ്റുവാങ്ങിയിരുന്നു. ഇ-പാലിയേറ്റീവ് വഴി അവർക്ക് ചികിത്സ നൽകാനാകുന്നു എന്നതാണ് ഞങ്ങൾക്ക് ഏറ്റവും സന്തോഷം നൽകുന്നത്.മലബാർ കാൻസർ സെന്ററിൽ മാസത്തിൽ ഏകദേശം 50ഓളം രോഗികൾ ഡോക്ടറുമായി ഈ സംവിധാനം വഴി വീഡിയോ കൺസൾട്ടേഷൻ നടത്തുന്നുണ്ട്.

സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായി നിർമ്മിച്ച ഒരു വെബ് ആപ്ലിക്കേഷനാണ് ഇ- പാലിയേറ്റീവ്. ഇന്റർനെറ്റ് വഴി ആർക്കും ഇത് ലഭ്യമാണ്. ഇതിൽ സാധാരണ സന്ദർശകർ, പാലിയേറ്റീവ് കേന്ദ്രങ്ങൾ, നഴ്സുമാർ ആരോഗ്യ പ്രവർത്തകർ ഡോക്ടർമാർ, അഡ്മിനിസ്ട്രേറ്റർ എന്നിങ്ങനെ സന്ദർശകരെ തരം തിരിക്കുന്നു. ഡോക്ടറുമായി രോഗികൾക്ക് പരസ്പരം വീഡിയോ കൺസൾട്ടേഷൻ മുഖേന സംവദിക്കുവാനുള്ള സൗകര്യം ഇതിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്.

**പ്രവർത്തന രീതി:-** പാലിയേറ്റീവ് കേന്ദ്രങ്ങളുമായും ഗൃഹകേന്ദ്രീകൃത പരിചരണ ടീമുകളുമായും ചേർന്നുകൊണ്ടാണ് ഈ സിസ്റ്റം പ്രവർത്തിക്കുന്നത്. പാലിയേറ്റീവ് കേന്ദ്രങ്ങളും ഗൃഹകേന്ദ്രീകൃത പരിചരണ ടീമുകളും അവരവരുടെ രോഗികളുടെ പരിചരണ വിവര





ങ്ങൾ ഈ വെബ്ബ് അധിഷ്ഠിത സോഫ്റ്റ് വെയറിൽ ചേർക്കുന്നു. ഇതിൽ ചികിത്സ തേടുന്ന ആശുപത്രിയിലെ തിരിച്ചറിയൽ നമ്പറും രോഗിയുടെ പ്രാഥമിക രോഗ വിവരങ്ങളും ഉൾപ്പെടുന്നു. പാലിയേറ്റീവ് പ്രവർത്തകർ ഗൃഹ സന്ദർശനം വഴിയോ പാലിയേറ്റീവ് കേന്ദ്രങ്ങളിൽ വച്ചോ രോഗീ പരിചരണം നടത്തുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളും സംശയങ്ങളും മറ്റ് വിവരങ്ങളും അതാത് രോഗികൾക്ക് നേരെ ചേർക്കുന്നു. ആവശ്യമെങ്കിൽ ഈ റിപ്പോർട്ടുകൾ ഡോക്ടർമാർക്ക് പങ്ക് വെക്കുവാനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുവാനും സാധിക്കുന്നതാണ്. ഈ പരിചരണ റിപ്പോർട്ടുകൾ മൊത്തമായി പരിശോധിക്കുമ്പോൾ രോഗിയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭിക്കുന്നതാണ്. പരിചരണ റിപ്പോർട്ടുകൾ ഡോക്ടർമാരുമായി പങ്ക് വെക്കുമ്പോൾ തന്നെ വീഡിയോ കൺസൾട്ടേഷന് അപേക്ഷിക്കാവുന്നതാണ്. ഡോക്ടർമാർ അത് അംഗീകരിച്ചുകഴിഞ്ഞാൽ സമയവും തീയ്യതിയും തീരുമാനിക്കാവുന്നതും വീഡിയോ കൺസൾട്ടേഷൻ നടത്താവുന്നതുമാണ്. ഡോക്ടർമാക്ക് ആവശ്യമെങ്കിൽ നേരിട്ടും വീഡിയോ കൺസൾട്ടേഷൻ നടത്താം.

ഇലക്ട്രോണിക് വീഡിയോ കൺസൾട്ടേഷൻ ആവശ്യമായ സന്ദർഭങ്ങളിൽ ഇന്റർനെറ്റ് കണക്ഷനും ക്യാമറയും മൈക്കുമുള്ള ലാപ്ടോപ്പുമായി സാന്ത്വന പരിചരണ പ്രവർത്തകർ രോഗിയുടെ മുന്നിലെത്തുന്നു. വീഡിയോ കോൺഫറൻസ് രീതി ഉപയോഗിച്ച് ഡോക്ടർക്കും രോഗിക്കും പരസ്പരം സംവദിക്കുകയും രോഗ വിവരങ്ങൾ നേരിട്ട് ചോദിച്ചറിഞ്ഞ് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുവാൻ സാധിക്കും. വയർലെസ്സ് ഡാറ്റാ കാർഡ് ഉപയോഗിച്ചുകൊണ്ടുള്ള 3ജി ഇന്റർനെറ്റ് കണക്ഷൻ ആണ് സാധാരണ ഉപയോഗിക്കുന്നത്. ഇ-പാലിയേറ്റീവ് വഴി സംവദിക്കുമ്പോൾ രോഗികൾക്കുണ്ടാകുന്ന മാനസികാരോഗ്യവും ആത്മധൈര്യവുംഇ-പാലിയേറ്റീവിന്റെ വിജയമാണ്.

**ഇ-പാലിയേറ്റീവ് ഗുണ ഫലങ്ങൾ :-**

1. പാലിയേറ്റീവ് പ്രവർത്തകർക്ക് രോഗികളുടെ പരിചരണ വിവരങ്ങൾ വിദഗ്ദ ഡോക്ടറുമായി പങ്കുവെക്കുവാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും സാധിക്കുന്നു.
2. കിടപ്പിലായ രോഗികൾക്കും വിദൂര സ്ഥലങ്ങളിലുള്ള രോഗികൾക്കും ഓൺലൈൻ മുഖേന നേരിട്ട് വിദഗ്ദ്ധ ഡോക്ടറുമായി സംവദിക്കുവാൻ സാധിക്കുന്നു. ഡോക്ടറുമായുള്ള ആശയ വിനിമയം എളുപ്പത്തിലാക്കുന്നു. രോഗികൾക്ക് കൂടുതൽ വിവരങ്ങൾ തുറന്ന് പറയുവാൻ സാധിക്കുന്നു.
3. രോഗികൾക്ക് ആശുപത്രിയിലേക്കുള്ള യാത്രാ ക്ലേശം ഒഴിവാകുന്നു. രോഗികൾക്ക് സാമ്പത്തിക ലാഭവും മനസ്വസ്ഥതയും ലഭിക്കുന്നു. കൂടാതെ രോഗികൾക്ക് വീട്ടിലെ ശാന്തമായ അന്തരീക്ഷത്തിൽ ഡോക്ടറുമായി രോഗ വിവരങ്ങൾ പങ്കുവെക്കുവാൻ കഴിയുന്നു.
4. രോഗികൾക്ക് ആത്മ വിശ്വാസം നൽകുവാൻ സഹായിക്കുന്നു.
5. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം വിദൂര സ്ഥലങ്ങളിലും ഗ്രാമങ്ങളിലും ലഭ്യമാക്കുവാൻ സാധിക്കുന്നു.രോഗീപരിചരണ പ്രവർത്തനങ്ങൾക്ക് ഏകോപനം സാധ്യമാകുന്നു.
6. രോഗികളുടെ മുൻകാല പരിചരണ വിവരങ്ങൾ പരിശോധിക്കുവാനും അപഗ്രഥിക്കുവാനും കൃത്യമായ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കുന്നു. വ്യക്തമായ പ്രോട്ടോക്കോൾ പ്രകാരവും വിദഗ്ദരായ ഡോക്ടർമാരുടെ മേൽനോട്ടത്തിലും പരിചരണ പ്രവർത്തനങ്ങൾ സാധ്യമാകുന്നു.
7. രോഗീപരിചരണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തുവാൻ സാധിക്കുന്നു. രോഗ ലക്ഷണങ്ങളുടെ പരിപാലനം മികവുറ്റതാക്കി രോഗികളെ കൂടുതൽ സംതൃപ്തരാക്കുന്നു.
8. നിർണ്ണായക ഘട്ടങ്ങളിൽ ഡോക്ടർമാർക്ക് പരസ്പരം ചർച്ച ചെയ്ത് വിദഗ്ദ്ധ തീരുമാനം നിർദ്ദേശിക്കുവാൻ കഴിയുന്നു.
9. രോഗികളുടേയും കുടുംബങ്ങളുടേയും ആശങ്കയകറ്റുന്നതിന് സഹായിക്കുന്നു.
10. രോഗികളുടെ രോഗ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുവാനുള്ള സൗകര്യം. ഈ വിവരങ്ങൾ വ്യക്തമായ നയങ്ങൾ തയ്യാറാക്കുവാൻ സർക്കാറിനെ സഹായിക്കുന്നതാണ്. ഇ-പാലിയേറ്റീവ് വഴി ശേഖരിച്ച വിവരങ്ങൾ ക്ലിനിക്കൽ പരിചരണത്തിനും ഗവേഷണങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

മറ്റ് അസുഖങ്ങളിൽ നിന്നും വ്യത്യസ്തമായി അർബുദ ബാധിതരും ഡോക്ടറുമായുള്ള ബന്ധം സുദീർഘമാണ്. ചികിത്സയ്ക്ക് ശേഷം ഡോക്ടറുമായുള്ള ബന്ധം മുറിയുന്നത് ഒരാളും ഇഷ്ടപ്പെടുന്നില്ല. പ്രത്യേകിച്ച് ആവശ്യം ഒന്നുമില്ലെങ്കിലും ഡോക്ടറെ കാണുന്നതും സംസാരിക്കുന്നതും അവർക്ക് ആശ്വാസദായകമാണ്. ഈ അറിവാണ് ഇ- പാലിയേറ്റീവിന് രൂപം കൊടുക്കാൻ എം.സി.സിയെ പ്രേരിപ്പിച്ചത്. വീടുകളിൽ ഇരുന്ന് തന്നെ ഡോക്ടറുടെ സാന്നിധ്യം അനുഭവിക്കാൻ രോഗികൾക്ക് കഴിയുന്നു എന്നതാണ് ഇ-പാലിയേറ്റീവിന്റെ മേന്മയും നന്മയും.

മാർഗ്ഗം

# ലോക അർബുദ ദിനം

2016 ഫെബ്രുവരി 4ന് ലോകം മുഴുവൻ 'നമുക്ക് സാധിക്കും എനിക്കും സാധിക്കും' എന്ന ആശയം മുൻ നിർത്തി ലോക അർബുദ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി മലബാർ കാൻസർ സെന്ററിൽ പുസ്തക പ്രദർശനവും എം.സി.സിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു. ലോക അർബുദ ദിനത്തോടനുബന്ധിച്ച് എം.സി.സിയിലെ ഓങ്കോളജി നഴ്സിംഗ് വിഭാഗം സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ്സിൽ പരിശീലനം സിദ്ധിച്ച നഴ്സുമാർ അവരുടെ അറിവുകൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി പങ്കുവെച്ചു. രോഗ നിർണ്ണയം, ഭക്ഷണക്രമം, ചികിത്സാ സഹായ പദ്ധതികൾ,സാന്ത്വന ചികിത്സ മറ്റു ചികിത്സാ രീതികൾ ശുചിത്വം ഇവയെക്കുറിച്ചെല്ലാം ക്ലാസ്സുകൾ എടുത്തു. ഏകദേശം ഒരു മണിക്കൂർ നീണ്ടു നിന്ന പ്രസ്തുത പരിപാടിയിൽ 100ഓളം പേർ പങ്കെടുത്തു. കോ ഓപ്പറേറ്റീവ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളും ക്ലാസ്സെടുത്തു. മലബാർ കാൻസർ സെന്ററിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് പ്രദർശിപ്പിച്ചത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും എം.സി.സിയുമായി സഹകരിച്ച് പ്രസിദ്ധീകരിച്ച പുസ്തകങ്ങളായ 'സ്തനാർബുദം' അർബുദവും സാന്ത്വന പരിചരണവും എന്നീ പുസ്തകങ്ങൾ സമൂഹത്തിന് വളരെ ഉപകാരപ്രദമായിരിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് എം.സി.സിയിലെ പാലിയേറ്റീവ് വിഭാഗം പ്രസിദ്ധീകരിച്ച സ്റ്റോമ കെയർ എന്ന പുസ്തകത്തിന്റെ വിൽപ്പനയും നടന്നു. വിൽപ്പന നടത്തിക്കിട്ടിയ തുക എം.സി.സിയിലെ മജ്ജ മാറ്റിവെക്കൽ ചികിത്സാ സഹായത്തിനായ് രൂപീകരിച്ച അക്ഷയ ഫണ്ടിലേക്ക് സംഭാവന ചെയ്യുമെന്ന് മലബാർ കാൻസർ സെന്ററിലെ ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രഹ്മണ്യൻ അറിയിച്ചു.





ലോക അർബുദ ദിനമായ ഫെബ്രവരി 4 അർബുദത്തെക്കുറിച്ചുള്ള ശരിയായ ധാരണകൾ ജനങ്ങളിലേക്കെത്തിക്കുക എന്നതാണ് ലക്ഷ്യം വെക്കുന്നത്. ഈ ദിനാചരണത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം വനംവകുപ്പുമായി സഹകരിച്ച് ആറളം ഫാമിൽ അർബുദ ബോധവൽക്കരണ സെമിനാറും, വദനാർബുദ സ്തനാർബുദ നിർണ്ണയ പരിശോധനയും നടത്തുകയുണ്ടായി. ആറളം ഫാമിലെ അന്തേവാസികൾക്കിടയിൽ പുകയില ഉപയോഗം വളരെ കൂടുതലാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു കാമ്പ് അവിടെ നടത്തിയത്. രണ്ട് വിഭാഗത്തിലുമായി 150 പേരെ പരിശോധിക്കുകയുണ്ടായി. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യുകയും ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു.

വർത്തമാനം

## ഗോൾഡൻ ക്രോ അവാർഡ്

ശുചിത്വ മിഷനും കണ്ണൂർ ജില്ലാ ഭരണകൂടവും ജില്ലയിലെ ഏറ്റവും വൃത്തിയുള്ള ഓഫീസ്/സ്ഥാപനം എന്ന വിഭാഗത്തിലേക്കായി നടത്തിയ മത്സരത്തിൽ എം.സി.സി ക്ക് ഗോൾഡൻ ക്രോ അവാർഡ് ലഭിക്കുകയുണ്ടായി. അത് കണ്ണൂർ പോലീസ് മൈതാനത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ എം.കെ മുനീർ (ഗ്രാമ വികസന വകുപ്പ് മന്ത്രി) സമ്മാനിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ കണ്ണൂർ ജില്ലാ കലക്ടർ ബാലകിരൺ, പഞ്ചായത്ത് വൈസ് പ്രസിഡന്റ്, മേയർ, കണ്ണൂർ എം.പി.ശ്രീമതി ടീച്ചർ എന്നിവർ പങ്കെടുത്തു. പ്രസ്തുത അവാർഡ്ദാന ചടങ്ങിൽ എം.സി.സി ഡയറക്ടർ സതീശൻ ബാലസുബ്രഹ്മണ്യൻ എം.സി.സി യിലെ ജീവനക്കാരായ പ്രസന്ന, ആശ, സജിനി, അനിത ടി.പി, രേഷ്മ, ലളിത, സരോജിനി, പവിത്ര എന്നിവർ പങ്കെടുത്തു.



# മെഡിറ്റ് കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം നടത്തി

പകർത്ത്





കേരള സർക്കാർ സ്ഥാപനങ്ങളായ മലബാർ കാൻസർ സെന്ററും, സി-ഡിറ്റും സംയുക്തമായി ആരംഭിച്ച മെഡിറ്റ് കോഴ്സിന്റെ പ്രഥമ ബാച്ചിന്റെ സർട്ടിഫിക്കറ്റ് 23/03/2015 ന് രാവിലെ 11.30 ന് മലബാർ കാൻസർ സെന്ററിലെ കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ വിതരണം ചെയ്തു. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻഫർമേഷൻ ടെക്നോളജി, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ എഞ്ചിനിയറിംഗ്, ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, എന്നിങ്ങനെ മൂന്നു കോഴ്സുകളാണ് മെഡിറ്റ് കോഴ്സിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ളത്. ഈ മൂന്ന് കോഴ്സുകളുടേയും ദൈർഘ്യം 6 മാസമാണ്.രണ്ട് മാസത്തെ ഇന്റേൺഷിപ്പ് ട്രെയിനിംഗും ഈ കോഴ്സിന്റെ ഭാഗമാണ്. പ്രായോഗിക വിഷയങ്ങൾക്ക് ഊന്നൽ നൽകിയാണ് കോഴ്സുകളുടെ ഉള്ളടക്കം തയ്യാറാക്കിയിരിക്കുന്നത്.

മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രമണ്യൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സി-ഡിറ്റ് ഡയറക്ടർ ഡോ.ബാബു ഗോപാലകൃഷ്ണൻ, എം.സി.സി ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രമണ്യൻ എന്നിവർ ചേർന്ന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ആരോഗ്യ മേഖലയിൽ പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം ഇത്തരം കോഴ്സുകൾ നികത്തുമെന്ന് ഡോ.ബാബു ഗോപാലകൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു. സർക്കാർ മേഖലയിലെ രണ്ട് സ്ഥാപനങ്ങൾക്ക് പരിമിതികൾ മറികടന്ന് എങ്ങനെ പുതിയ സംരംഭങ്ങൾ ആരംഭിക്കാമെന്നും അത് വിജയത്തിലേയ്ക്ക് എത്തിക്കാമെന്നതിനുമുള്ള ഉത്തമ ഉദാഹരണമാണ് മെഡിറ്റ് എന്ന് ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. സി-ഡിറ്റ് രജിസ്ട്രാർ ഡോ. എസ്.എ.ഷാജഹാൻ, എ.ഒ.സി.എസ് ശ്രീ. സി. എസ് പത്മ കുമാർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എം.സി.സി കോഴ്സ് കോർഡിനേറ്റർ ഡോ.സജിനി സാമുവൽ മെഡിറ്റ് കോഴ്സിന്റെ റിപ്പോർട്ട് അവതരണം നടത്തി. എം.സി.സി സിസ്റ്റം മാനേജർ ശ്രീ. രഞ്ജിത് .എം.കെ സ്വാഗതവും സി-ഡിറ്റ് കോഴ്സ് കോർഡിനേറ്റർ ശ്രീ. സുരേഷ് നന്ദിയും പറഞ്ഞു.

പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദരുടെ അഭാവം ആരോഗ്യ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഇക്കാര്യം പരിഗണിച്ചാണ് മലബാർ കാൻസർ സെന്ററും, സി-ഡിറ്റും സംയുക്തമായി ഈ കോഴ്സുകൾ ആരംഭിച്ചത്.

www.medit.cdit.org സന്ദർശിക്കുക.

## മെഡിറ്റ് കോഴ്സുകൾ

### അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻഫർമേഷൻ ടെക്നോളജി

ആരോഗ്യ വിവര സാങ്കേതിക മേഖലകളിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിചയവും നൽകുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഐ.ടി/ കമ്പ്യൂട്ടർ സയൻസ് /ഇലക്ട്രോണിക്സ്/ ബയോമെഡിക്കൽ എഞ്ചിനിയറിംഗ് യോഗ്യതയോ, ഐ.ടി/കമ്പ്യൂട്ടർ സയൻസ് ബിരുദമോ, കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്/ ഐ.ടി ബയോമെഡിക്കൽ എഞ്ചിനിയറിംഗ് എന്നിവയിൽ ത്രിവത്സര ഡിപ്ലോമ എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

### അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ എഞ്ചിനിയറിംഗ്

മെഡിക്കൽ ഉപകരണങ്ങളുടെ രൂപകൽപ്പന, റിപ്പയറിംഗ്, ഹോസ്പിറ്റൽ എഞ്ചിനിയറിംഗ് സർവ്വീസുകളുടെ പരിപാലനം. എന്നിവയാണ് ഈ കോഴ്സിന്റെ പ്രധാന പാഠ്യ വിഷയം.

ബയോമെഡിക്കൽഎഞ്ചിനിയറിംഗ്/മെഡിക്കൽഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/ഇൻസ്ട്രുമെന്റേഷൻ എഞ്ചിനിയറിംഗ് യോഗ്യതയോ, ഈ വിഷയങ്ങളിൽ ബിരുദാനന്ദര ബിരുദമോ, ത്രിവത്സര ഡിപ്ലോമയോ ഉള്ളവർക്ക് അപേക്ഷിക്കാം.

### ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്

പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുതകുന്ന മാനേജ്മെന്റ് വിഭാഗത്തെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ഡിപ്ലോമ കോഴ്സ് രൂപ കൽപ്പന ചെയ്തിട്ടുള്ളത്. പൊതു ജനങ്ങളുമായി നിരന്തര സമ്പർക്കത്തിലുള്ള ഹോസ്പിറ്റൽ സെക്രട്ടറി, വാർഡ് സെക്രട്ടറി, മെഡിക്കൽ റിക്കോർഡ്സ് അസിസ്റ്റന്റ്, റിസപ്ഷനിസ്റ്റ് മുതലായ മേഖലകളിൽ പ്രാവീണ്യം ഉറപ്പ് വരുത്തുകയാണ് ഈ കോഴ്സിന്റെ ഉദ്ദേശ ലക്ഷ്യം. ബിരുദമാണ് ഈ കോഴ്സിന് അപേക്ഷിക്കാനുള്ള വിദ്യാഭ്യാസ യോഗ്യത.

ആലേഖം



# സംസാരിക്കാം ലാരിങ്ജെക്ടമിക്ക് ശേഷവും


**അനീത്. എം.വി**
സ്പീച്ച് തെറാപ്പിസ്റ്റ്


ഇന്ന് സമൂഹത്തിൽ കാൻസർ ബാധിതരുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ശബ്ദനാളത്തിന് കാൻസർ പിടിപെടുന്നവരുടെ എണ്ണം കുറവൊന്നുമല്ല. ലാരിങ്സ് അഥവാ ശബ്ദനാളം ഒരു വ്യക്തിയെ ശബ്ദം ഉണ്ടാക്കുന്നതിനും അന്യവസ്തുക്കളുടെ ശ്വാസകോശത്തിലേക്കുള്ള പ്രവേശം തടഞ്ഞ് ശ്വാസകോശത്തെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നു.ശബ്ദനാളത്തിന് കാൻസർ ബാധിച്ച ഒരു വ്യക്തിക്ക്, അവർക്ക് ആ രോഗത്തിൽ നിന്നും വിമുക്തമാവാൻ ശബ്ദനാളം മുഴുവനായോ ഭാഗികമായോ നീക്കം ചെയ്യുന്ന ലാരിങ്ജെക്ടമി എന്ന ശസ്ത്രക്രീയയ്ക്ക് വിധേയരാവേണ്ടി വരും.

**ഈ ശസ്ത്രക്രീയയിലൂടെ ഒരു വ്യക്തിയിലുണ്ടാകുന്ന മാറ്റങ്ങൾ**

ശബ്ദം ഉണ്ടാക്കാനും സംസാരിക്കാനുമുള്ള കഴിവ് നഷ്ടപ്പെട്ടുപോകുന്നു എന്നതാണ് ഏറ്റവും വലിയ മാറ്റം. ശസ്ത്രക്രീയയ്ക്കുശേഷം ശ്വാസകോശത്തിന് വായും മൂക്കുമായിട്ട് യാതൊരു ബന്ധവും ഉണ്ടാകില്ല.ശ്വാസനാളത്തെ കഴുത്തിന് പിറകിൽ ഒരു നിശ്ചിത സ്ഥാനത്തേക്ക് കൊണ്ടുവന്ന് ഒരു സ്ഥിര ദ്വാരം ഉണ്ടാക്കി വയ്ക്കുന്നു.കഴുത്തിലുള്ള ഈ ദ്വാരത്തിലൂടെ ആയിരിക്കും പിന്നീട് ആ വ്യക്തി ജീവിതകാലം മുഴുവൻ ശ്വസിക്കുക. അതോടെ മൂക്കിലൂടെയും വായിലൂടെയുമുള്ള ശ്വസനം അസാധ്യമാകുന്നു. സ്റ്റോമ എന്നാണ് ഈ ദ്വാരത്തിന്റെ വിളിപ്പേര്. ഭക്ഷണം ചവച്ചരക്കുന്നതിനോ വിഴുങ്ങുന്ന ഗതിക്കോ തുടർച്ചയ്ക്കോ ഒന്നും ബുദ്ധിമുട്ടുണ്ടാകില്ല.

**സംസാരം വീണ്ടെടുക്കുന്ന രീതി**

സംസാരിക്കുന്നതിനുള്ള കഴിവ് നഷ്ടപ്പെടുന്നു എന്നുള്ളതാണ് ലാരിങ്ജെക്ടമിക്കുശേഷം ഒരു വ്യക്തി അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഈ ഒരു ദുരന്തവുമായി പൊരുത്തപ്പെട്ട് വരുവാൻ ആ വ്യക്തിക്കും അവരുടെ വീട്ടുകാർക്കും കുറച്ച് സമയം വേണ്ടി വന്നേക്കും.

ലാരിങ്ജെക്ടമിക്ക് ശേഷം ശബ്ദം നഷ്ടപ്പെടുക എന്നതിന് പിന്നീട് ഒരിക്കലും ശബ്ദം ഉണ്ടാക്കാനോ സംസാരിക്കാനോ സാധിക്കില്ല എന്നർത്ഥമില്ല. അവർക്ക് സംസാരം വീണ്ടെടുക്കാൻ സാധിക്കും. പക്ഷേ അതിന് നല്ല പ്രയത്നത്തിന്റെയും പരിശീലനത്തിന്റെയും ആവശ്യമുണ്ട്. ഇതിനായി ലാരിങ്ജെക്ടമി കഴിഞ്ഞവരെ പുനരധിവസിപ്പിക്കുന്നതിൽ ശിക്ഷണം സിദ്ധിച്ച സ്പീച്ച് തെറാപ്പിസ്റ്റിനെ ചെന്ന് കാണേണ്ടതാണ്.

സംസാരം വീണ്ടെടുക്കുന്നതിൽ ഒരു സ്പീച്ച് തെറാപ്പിസ്റ്റിന്റെ പങ്ക് വളരെ വലുതാണ്. ശസ്ത്രക്രീയയ്ക്കുശേഷം സംസാരിക്കുന്നതിനും ശബ്ദം ഉണ്ടാക്കുന്നതിനും പല മാർഗ്ഗങ്ങൾ ഉണ്ട്. ഈ മാർഗ്ഗങ്ങൾ സ്പീച്ച് തെറാപ്പിസ്റ്റ് അതത് വ്യക്തികളെ പഠിപ്പിക്കും. ഇതിനായി ഓപ്പറേഷനുമുമ്പ് പല തവണകളായി സന്ദർശിച്ച് സംസാരം വീണ്ടെടുക്കുവാനുള്ള വ്യത്യസ്ത മാർഗ്ഗങ്ങളെക്കുറിച്ച് രോഗിയുമായി ചർച്ച നടത്തും. അതുമാത്രമല്ല. ലാരിങ്ജെക്ടമിക്ക് വിധേയരായ മറ്റ് വ്യക്തികളുമായി സംഗമിക്കുവാനുള്ള അവസരം ഉണ്ടാക്കുകയോ അല്ലെങ്കിൽ അവർ സംസാരിക്കുന്ന വീഡിയോ ടേപ്പ് കാണിച്ചുകൊടുക്കുകയോ ചെയ്യും. ഇത് രോഗിക്ക് ഓപ്പറേഷന് മുന്നോടിയായിട്ടുണ്ടാകുന്ന അവരുടെ പേടി, ഉത്കണ്ഠ, എന്നിവയെ മറികടക്കാൻ ഒരു പരിധിവരെ സഹായിക്കും.



ഏത് മാർഗ്ഗത്തിലൂടെയുള്ള സംസാര രീതിയാണ് ഒരു വ്യക്തിക്ക് ഇണങ്ങുക എന്നത് ഓപ്പറേഷന്റെ സ്വഭാവം, വ്യക്തിയുടെ താത്പര്യം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

അടിസ്ഥാനപരമായി '3' വിധത്തിലുള്ള സംസാരമാർഗ്ഗങ്ങൾ ആണുള്ളത്. ഓരോന്നിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളും ഉണ്ട്.

**1. ഈസോഫാഗൽ സ്പീച്ച് (അന്നനാളം ഉപയോഗിച്ച് കൊണ്ടുള്ള സംസാര രീതി)**

ഇതിൽ സ്പീച്ച് തെറാപ്പിസ്റ്റ് വ്യക്തിയെ അവരുടെ ചുണ്ടും നാവും അണ്ണാക്കും ഉപയോഗിച്ച് വായു വിഴുങ്ങി അന്നനാളത്തിൽ എത്തിക്കാനും അതിനെ തിരിച്ച് അന്നനാളത്തിൽ നിന്നും തൊണ്ടവഴി വായിലൂടെ പുറത്തേക്ക് കൊണ്ടുവരാനും പരിശീലിപ്പിക്കുന്നു. വായു അന്നനാളത്തിൽ നിന്നും തൊണ്ടവഴി പുറത്തേക്ക് പോകുമ്പോൾ തൊണ്ടയിൽ ഒരു കമ്പനം ഉണ്ടാകാൻ കാരണമാകുന്നു.അങ്ങനെ ശബ്ദം ഉണ്ടാകുന്നു. ഈ ശബ്ദത്തെ ചുണ്ടും നാക്കും പല്ലും അണ്ണാക്കും ഒക്കെ ഉപയോഗിച്ച് സംസാരമാക്കി മാറ്റുന്നു. ഈ രീതി ഉപയോഗിച്ച് സംസാരം വീണ്ടെടുക്കുക എന്നത്അത്ര എളുപ്പമല്ല. നല്ല പ്രയത്നം തന്നെ വേണ്ടി വന്നേക്കാം. ചിലരിൽ ഏകദേശം ഒരു 6 മാസക്കാലാവധി വരെ വേണ്ടി വന്നേക്കാം. ഒന്ന് സംസാരിപ്പിച്ചെടുക്കാൻ ഓപ്പറേഷൻ കഴിഞ്ഞ് ഡിസ്ചാർജ് ആയി വീട്ടിലെത്തിയാലും തുടർ പരിശീലനത്തിനും സ്പീച്ച് തെറാപ്പിസ്റ്റിന്റെ സഹായം തേടണം.

**മെച്ചം**

- ചിലവ് കുറഞ്ഞ രീതിയാണ്
- ഒരു ഉപകരണത്തിന്റെയും ആവശ്യമില്ല.
- കൈകൾ ഉപയോഗിക്കേണ്ട ആവശ്യമില്ല(സംസാരിക്കുമ്പോൾ)

**പോരായ്മ**

- പഠിപ്പിച്ചെടുക്കാൻ അത്ര എളുപ്പമല്ല.
- നല്ല പരിശീലനം വേണം
- ചിലർക്ക് ചിലപ്പോൾ ഈ രീതി ഗുണം ചെയ്തെന്ന് വരില്ല.

**2. ട്രക്കിയോ ഈസോഫാഗൽ സ്പീച്ച് (ശ്വാസനാളവും അന്നനാളവും ഉപയോഗിച്ചുകൊണ്ടുള്ള സംസാര രീതി)**

ഒരു കൃത്രിമ വാൽവിന്റെ (വോയ്സ് പ്രോസ്തീസിസ്) സഹായത്തോടുകൂടി ശബ്ദം ഉണ്ടാക്കുന്ന രീതിയാണിത്. സർജൻമാർ സംസാരം വീണ്ടെടുക്കുന്നതിന് ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന വിധമാണ്. ശ്വാസനാളത്തിൽ നിന്ന് അന്നനാളത്തിലേക്ക് ഒരു ചെറിയ ഓട്ട ഇടുന്നു. ഇത് ലാരിങ്ജെക്ടമി സമയത്തോ അല്ലെങ്കിൽ പിന്നീടോ ആയിരിക്കും ചെയ്യുക. ഈ ഓട്ട ശ്വാസനാളത്തെ അന്നനാളവുമായി ബന്ധിപ്പിക്കുന്നു. വാൽവ് ഘടിപ്പിക്കുന്നത് ഈ ഓട്ടയിലേക്കാണ്. അങ്ങനെ ശ്വാസനാളത്തിൽ നിന്നും വായു കൃത്രിമ വാൽവ് വഴി അന്നനാളത്തിലേയ്ക്ക് പ്രവേശിക്കുന്നു. അതിനുശേഷം വായു തൊണ്ട വഴി വായിലൂടെ പുറത്തേക്ക് പോകുന്നു. ഇത് തൊണ്ടയിൽ ഒരു കമ്പനം (വിറയൽ) ഉണ്ടാകാൻ ഇടയാക്കുന്നു അങ്ങനെ ശബ്ദം ഉണ്ടാകുന്നു. ഈ ശബ്ദത്തെ ചുണ്ടും നാവും പല്ലും അണ്ണാക്കും ഉപയോഗിച്ച് സംസാരമാക്കി മാറ്റുന്നു. സംസാര സമയത്ത് കഴുത്തിലെ സ്റ്റോമ വിരൽ ഉപയോഗിച്ച് അടച്ചു പിടിക്കണം. എന്നാലേ വായു ശ്വാസനാളത്തിൽ നിന്നും വാൽവ് വഴി അന്നനാളത്തിലേക്ക് പ്രവേശിക്കുകയുള്ളൂ. അത് മാത്രമല്ല  നാം വിഴുങ്ങുന്ന ഭക്ഷണ പാനീയങ്ങൾ അന്നനാളത്തിൽ നിന്നും ശ്വാസനാളത്തിലേയ്ക്ക് പ്രവേശിക്കാതെയും ഈ വാൽവ് സംരക്ഷിക്കുന്നു.

സർജൻ കൃത്രിമ വാൽവ് ഘടിപ്പിച്ച ശേഷം സ്പീച്ച് തെറാപ്പിസ്റ്റിന്റെ സഹായത്തോടെ സംസാരം വീണ്ടെടുക്കുന്നതിനുള്ള പരിശീലനം തുടങ്ങാം.

**മെച്ചം**

- എളുപ്പത്തിൽ സംസാരം വീണ്ടെടുക്കാൻ സാധിക്കും.
- ശബ്ദത്തിന്റെയും സംസാരത്തിന്റേയും നിലവാരം മെച്ചപ്പെട്ടതായിരിക്കും.

**പോരായ്മ**

- കൃത്രിമ വാൾവ് നന്നായി കെയർ ചെയ്യണം.
- അത് അടഞ്ഞ് പോകാതെ നോക്കണം
- വാൾവ് ലീക്ക് വന്നാൽ അത് മാറ്റി ഇടേണ്ടി വരും
- വാൽവ് വിലപിടിപ്പുള്ളതാണ്
- സംസാര സമയത്ത് സ്റ്റോമ വിരൽ ഉപയോഗിച്ച് അടച്ചുപിടിക്കണം

**3. ഇലക്ട്രോ ലാരിംങ്സ് (ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ചുകൊണ്ടുള്ള സംസാര രീതി)**

ഇത് ഒരു പഴക്കം ചെന്ന സംസാര രീതിയാണ്. മറ്റു രീതികൾ ഉപകാരപ്രദമാവാത്ത ഘട്ടങ്ങളിൽ മാത്രം ആശ്രയിക്കുന്ന രീതിയാണിത്.ഇത് ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രമാണ്. ഒരു ചെറിയ ടോർച്ചിന്റെ വലിപ്പമേ ഇതിന് കാണുകയുള്ളൂ. യന്ത്രം ഓൺ ചെയ്യാനും ഓഫ് ചെയ്യാനും ഒരു സ്വിച്ച് ഉണ്ടാകും. ഓൺ ചെയ്തതിനുശേഷം കഴുത്തിന്റെ തൊലിപ്പുറത്തോ കവിളിന്റേ തൊലിപ്പുറത്തോ ചേർത്ത് പിടിക്കണം. ഇത് യന്ത്രത്തിൽ നിന്നുള്ള കമ്പനം വായിലേക്കും തൊണ്ടയിലേക്കും പ്രവേശിക്കാൻ ഇടയാക്കും. ഇതിന്റേ ഭാഗമായി വായിലും തൊണ്ടയിലും ശബ്ദം ഉണ്ടാകുന്നു. ഈ ശബ്ദത്തെ നാവും ചുണ്ടും അണ്ണാക്കും ഉപയോഗിച്ച് സംസാരമാക്കി മാറ്റുന്നു.

**മെച്ചം**

- എളുപ്പത്തിൽ പഠിച്ചെടുക്കാം
- ഈസോഫാഗൽ സ്പീച്ച് ഉപയോഗിക്കുന്നവർക്കും ട്രക്കിയോ ഈസോഫാഗൽ സ്പീച്ച് ഉപയോഗിക്കുന്നവർക്കും ഈ ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്താം.

**പോരായ്മ**

- യന്ത്രം വിലപിടിപ്പുള്ളതാണ്
- സംസാരിക്കുമ്പോൾ കൈകൾ ഉപയോഗിക്കേണ്ടിവരും

ശബ്ദനാളം നീക്കം ചെയ്യപ്പെട്ടവരിൽ സാധാരണ രീതിയിലുള്ള ശബ്ദാവിഷ്കരണം അസാധ്യമാകും എന്നുള്ളത് ശരി തന്നെ. എങ്കിലും സംസാരത്തിന്റെ ലോകത്തേക്ക് അവർക്ക് തിരിച്ചുവരാൻ കഴിയും. എന്നാൽ വ്യത്യസ്തമായ ഒരു രീതിയിലൂടെ ആണ് എന്ന് മാത്രം.

# അമൃതം













# ബോധനം



## കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ജനുവരി- മാർച്ച് 2016

ജനുവരി മുതൽ മാർച്ച് വരെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം വിവിധ ജില്ലകളിലായി 40 കാമ്പുകളും 32 ബോധവൽക്കരണ പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചു. കാമ്പുകളിൽ 1757 ആളുകൾ വദനാർബുദ നിർണ്ണയ പരിശോധനയ്ക്കും 1143 പേർ സ്തനാർബുദ നിർണ്ണയ പരിശോധനയ്ക്കും വിധേയരായി. ഇവരിൽ 101 പേർക്ക് വായിലെ കാൻസറിന് മുന്നോടിയായുള്ള ലക്ഷണങ്ങൾ കണ്ടെത്തി. സ്തനാർബുദ പരിശോധനയിൽ ഒരാൾക്ക് രോഗം കണ്ടെത്തുകയും 16 പേരെ മാമോഗ്രാം പരിശോധനയ്ക്ക് നിർദ്ദേശിക്കുകയും ചെയ്തു.

# ന്യൂട്രിക് 2016



മലബാർ കാൻസർ സെന്ററിലെ ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആന്റ് ഡയറ്റിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടി 'ന്യൂട്രിക് 2016' ഫെബ്രുവരി 27,28 തീയ്യതികളിൽ എം.സി.സിയിൽ വച്ച് നടന്നു. ആദ്യ ദിനത്തിൽ ഹോസ്പിറ്റൽ ജീവനക്കാരുടെ ആരോഗ്യനില കണക്കാക്കലും ബോധവൽക്കരണ ക്ലാസ്സും ഡയറ്റീഷ്യൻ ശ്രീമതി റീനയുടെ നേതൃത്വത്തിൽ നടത്തി. തുടർന്ന് വിവിധതരം വിഭവങ്ങളിലെ പോഷകങ്ങൾ, സമീകൃതാഹാരത്തിന്റെ ആവശ്യകത, നിത്യജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട പോഷക വൈവിധ്യം എന്നിവയെ സംബന്ധിച്ച ഭക്ഷ്യ ശില്പശാല നടത്തുകയുണ്ടായി. 28 ന് എം.സി.സി സെമിനാർ ഹാളിൽ വച്ച് നടത്തിയ സെമിനാറിൽ സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. സജിത് ബാബു സ്വാഗത പ്രസംഗവും എം.സി.സി ഡയറക്ടർ ഡോ. സതീശൻ ബി. ആമുഖ പ്രഭാഷണവും നടത്തി. പരിയാരം മെഡിക്കൽ കോളേജിലെ സീനിയർ ഡയറ്റീഷൻ ഡോ. ശ്രീദേവി ഇളയരാജ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ തീവ്ര പരിചരണ വിഭാഗത്തിലെ ഡോ. അനൂപ്. എ.എസ്, എം.സി.സിയിലെ ഡയറ്റീഷ്യൻ ശ്രീമതി റീന എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രോഗാവസ്ഥ തടഞ്ഞു നിർത്താനും, പ്രമേഹം, അണുബാധ, വൃക്ക, കരൾ രോഗങ്ങൾ എന്നീ അവസ്ഥയിൽ ശ്രദ്ധിക്കേണ്ട ഭക്ഷണക്രമങ്ങൾ അത്യാസന്ന നിലയിലുള്ള രോഗികളുടെ ശരീരത്തിൽ ഭക്ഷണമെത്തിക്കുന്ന രീതി എന്നിവയെക്കുറിച്ചാണ് ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടത്. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ,ഡയറ്റീഷ്യന്മാർ, നഴ്സുമാർ, നഴ്സിംഗ് ന്യൂട്രീഷ്യൻ വിദ്യാർത്ഥികൾ എന്നിവരുടെ നിറസാന്നിധ്യം പരിപാടി വിജയപ്രദമാക്കി.





## ശുചിത്വം പാചകപ്പുരയിൽ

മലബാർ കാൻസർ സെന്ററിലെ കാന്റീൻ സ്റ്റാഫുകൾക്കുവേണ്ടി ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആന്റ് ഡയറ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ശുചിത്വം പാചകപ്പുരയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി 2016 ജൂലൈ 16–ാം തീയ്യതി ന്യൂട്രിഷ്യൻ ഓങ്കോളജിയിലെ ഫെലോ ഡോ. സ്നാനി സുരേന്ദ്രൻ ക്ലാസ്സെടുത്തു. വ്യക്തി ശുചിത്വം, പരിസ്ഥിതി ശുചിത്വം, ഭക്ഷ്യ ശുചിത്വം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് സംഘടിപ്പിച്ച ക്ലാസ്സിൽ കാന്റീൻ ജീവനക്കാരും  അസിസ്റ്റന്റ് ഡയറ്റീഷ്യൻ ട്രെയിനീസും പങ്കെടുത്തു.

## സാന്ത്വനപരിചരണ ശില്പശാല

മലബാർ കാൻസർ സെന്ററിന്റെ 15–ാം വാർഷികത്തിൽ കാൻസർ പാലിയേറ്റീവ് മെഡിസിൻ വിഭാഗം സാന്ത്വന പരിചരണ ദിനത്തോടനുബന്ധിച്ച് 'Essentials of stoma care' എന്ന ശില്പശാല സംഘടിപ്പിച്ചു.155 നഴ്സുമാർ പങ്കെടുത്തു. ഡോ. ദിപിൻ, ഡോ. ജോയൽ, ഡോ. റിഗ്രേദ്, ഡോ. ഹർഷ എന്നിവർ ക്ലാസ്സെടുത്തു.ശ്രീമതി.സിന്ധു, ശ്രീമതി.സുനിത എന്നിവർ സ്റ്റോമ പരിചരണത്തെക്കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തി.

## പ്രേഷിതം

ഫെബ്രുവരി മാസം 11 മുതൽ 14 വരെ IAPCയുടെ അന്തർ ദേശീയ യോഗമായ IAPC on Pune 2016ൽ ഡോ. ബിജി പങ്കെടുക്കുകയും രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

- e-palliativeലൂടെ മലബാർ കാൻസർ സെന്ററിലെ രോഗികൾക്ക് ലഭിക്കുന്ന സംതൃപ്തിയെക്കുറിച്ച്
- distress thermometre ന്റെ മലയാളീകരിച്ച പതിപ്പിന്റെ ഉപയോഗ ക്ഷമതയെക്കുറിച്ച്



# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ-മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in





**Chief Editor:** Dr. B.Satheesan, Director, MCC | **Editorial Team:** Dr. Saina Sunilkumar, Bindu T, Harish Babu, SobithV K, Sheena E, Viju V S | **Design & Layout:** Co-op. Press, Kannur-2 | **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103. Phone: 0490 2355 881 | Fax: 0490 2355880 | Web: www.mcc.kerala.gov.in | For private circulation only. | **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com